**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1055** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യമാർക്കറ്റുകളുടെ നവീകരണപ്രവർത്തനം പലയിടത്തും മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മത്സ്യമാർക്കറ്റുകളുടെ നവീകരണം അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനും സുരക്ഷിത മത്സ്യവിപണനത്തിന് സാഹചര്യം ഒരുക്കുന്നതിനും തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ? | (എ) | നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡിൻറെ ധനസഹായം/ കേന്ദ്ര ഗവൺമെൻറിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതി എന്നിവയിലുൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 38 ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ പരിപാലനവും നടത്തിപ്പും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതുകൂടാതെ കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 120.57 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. ടി മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മത്സ്യഫെഡ് വഴി 3 മത്സ്യ മാർക്കറ്റുകൾ ആധുനിക രീതിയിൽ നവീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിലെ അരൂർ മത്സ്യ മാർക്കറ്റ് എന്നിവയുടെ നവീകരണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ